STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.240/PR/SPMC/PHQ/2026 Date:19.06.2026

## ഓപ്പറേഷൻ തൂഫാൻ: 137 പേരെ അറസ്റ്റ് ചെയ്തു: എം.ഡി.എം.എയും മറ്റുമയക്കുമരുന്നുകളും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്നവരെ കർശന പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 126 കേസുകൾ രജിസ്റ്റർ ചെയ്തു. 137 പേരാണ് അറസ്റ്റിലായത്. ഇവരിൽ നിന്ന് എം.ഡി.എം.എ (2.680 ഗ്രാം), കഞ്ചാവ് (59.265 കി.ഗ്രാം) ഹാഷിഷ് ഓയിൽ (4.0 ഗ്രാം), കഞ്ചാവ് ചെടികൾ (3 എണ്ണം) എന്നിവ പിടിച്ചെടുത്തു.

ഇതുവരെ രജിസ്റ്റർ ചെയ്ത ആകെ കേസുകൾ 3080,

ആകെ അറസ്റ്റ് 3313.

ഇതുവരെ പിടിച്ചെടുത്ത എം.ഡി.എം.എ 1683 ഗ്രാം.

കഞ്ചാവ് 288.956 കി.ഗ്രാം.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

*********************